IV. റിപ്പോർട്ട് സമർപ്പണം

2015 -ലെ കേരള നഗര-ഗ്രാമാസൂത്രണ ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

1. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ വിഷയ നിർണ്ണയ കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ 2015-ലെ കേരള നഗര-ഗ്രാമാസൂത്രണ ബില്ലിനെ സംബന്ധിച്ച വിഷയ നിർണ്ണയ കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

2. പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിയുടെ നൂറ്റി മൂന്ന് മുതൽ നൂറ്റി പത്ത് വരെയുള്ള റിപ്പോർട്ടുകൾ.

ശ്രീ. മാത്യൂ റ്റി. തോമസ്: സർ, പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റി ചെയർമാനുവേണ്ടി സമിതി അംഗമായ ഞാൻ സമിതിയുടെ നൂറ്റിമൂന്ന് മുതൽ നൂറ്റിപ്പത്ത് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

3. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നാൽപ്പത്തി ആറ് മുതൽ അമ്പത്തിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. വർക്കല കഹാർ: സർ, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ

ചെയർമാനായ ഞാൻ സമിതിയുടെ നാൽപ്പത്തിആറ് മുതൽ അമ്പത്തിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

4. <u>സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ ഇരുപത്തി ഒൻപത് മുതൽ മുപ്പത്തി രണ്ട് വരെയുള്ള റിപ്പോർട്ടുകൾ</u>

<u>ശ്രീ. ലൂഡി ലൂയിസ്</u>: സർ, സബോർഡിനേറ്റ് ലെജിസ്ലേഷൻ സംബന്ധിച്ച സമിതിയുടെ ചെയർമാനുവേണ്ടി സമിതി അംഗമായ ഞാൻ  ഇരുപത്തി ഒൻപത് മുതൽ മുപ്പത്തി രണ്ട് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

5. <u>മേശപ്പുറത്തുവച്ച കടലാസ്സുകൾ സംബന്ധിച്ച സമിതിയുടെ പത്ത് മുതൽ പന്ത്രണ്ട് വരെയുള്ള റിപ്പോർട്ടുകൾ</u>

<u>ശ്രീ. ജോസ് തെറ്റയിൽ</u> : സർ, മേശപ്പുറത്തുവച്ച കടലാസ്സുകൾ സംബന്ധിച്ച സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ പത്ത് മുതൽ പന്ത്രണ്ട് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

(ക്രമപ്രശ്നം)